©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## ഒന്നാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

# (2021-2023)

## ഒന്നാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

247/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 18 |
| അനുബന്ധം II | .. | 43 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എം. എം. മണി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)-യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് 2014 ജൂലൈ 15-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2021 നവംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,

*അദ്ധ്യക്ഷൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,

2022 മാർച്ച് 16.

## റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)-യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

### അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)-യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് 2014 ജൂലൈ 15-ാം തീയതി സഭയിൽ സമർപ്പിച്ചു. മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും ഉറപ്പുവരുത്തുന്നതിനായി നിലവിൽ വന്നതാണ് 2007-ലെ ദ മെയിന്റനൻസ് ആൻഡ് വെൽഫെയർ ഓഫ് സീനിയർ സിറ്റിസൺസ് ആക്ട് (2007-ലെ 56-ാം കേന്ദ്ര ആക്ട്). പ്രസ്തുത ആക്ടിൻ കീഴിൽ പുറപ്പെടുവിച്ച 999/2008, 696/2009, 697/2009, 698/2009, 723/2009 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ 17-7-2013, 24-7-2013 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ സൂക്ഷ്മപരിശോധന നടത്തുകയും സാമൂഹ്യനീതി, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന് കാസർകോട്, തൃശ്ശൂർ എന്നീ ജില്ലകളിലെ വൃദ്ധസദനങ്ങൾ യഥാക്രമം 24-9-2013, 17-12-2013 എന്നീ തീയതികളിൽ സമിതി സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത എസ്.ആർ.ഒ.-കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും വൃദ്ധസദനങ്ങൾ സന്ദർശിച്ചതിലൂടെയും സമിതിക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങളാണ് സമിതിയുടെ നിഗമനങ്ങളും ശിപാർശകളുമായി ഇരുപത്തിരണ്ടാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ആഭ്യന്തര (ജി), ആരോഗ്യവും കുടുംബക്ഷേമവും (എഫ്.ഡബ്ല്യൂ), സാമൂഹ്യനീതി (സി) എന്നീ വകുപ്പുകളിൽ നിന്നും യഥാക്രമം ലഭിച്ച 15-3-2016, 2-7-2019, 17-9-2019, 2-11-2020 എന്നീ തീയതികളിലെ കത്ത് മുഖേനയുള്ള നടപടിപത്രികകൾ 18-1-2017, 28-11-2019, 12-2-2021 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ശിപാർശ ഖണ്ഡിക 23 മുതൽ 53 വരെയുള്ളവയിന്മേൽ (ആകെ 31 ശിപാർശകൾ) സ്വീകരിച്ച നടപടി അംഗീകരിക്കുകയും ചെയ്തു.

### അദ്ധ്യായം II

സമിതി (2014-2016)-യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടി എന്നിവ

#### ശിപാർശ (ഖണ്ഡിക 23)

The Committee finds that there is a delay of 10 months to constitute the Maintenance Tribunals in every district after the commencement of the Act in the State and also in the issuance of the Rules for the implementation of the Act.

The Committee is of the opinion that such delay will defeat the intention behind the legislation and deprecates the delay in issuing statutory notifications. The Committee hopes that Government shall take note of this aspect and issue strict directions in the matter.

സ്വീകരിച്ച നടപടി

24-9-2008-ലെ G.O.(P)No.54/2008/SWD (SRO No.999/2008) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമപ്രകാരം സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സബ്ഡിവിഷണൽ മജിസ്ട്രേട്ട്/റവന്യൂ ഡിവിഷണൽ ഓഫീസർമാർ അദ്ധ്യക്ഷനായുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകൾ 17-8-2009-ലെ G.O.(P)32/2009/SWD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഇത്തരത്തിൽ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവായതിനുശേഷം ഏകദേശം പത്തുമാസത്തോളം വൈകിയാണ് മെയിന്റനൻസ് ട്രൈബ്യൂണലുകൾ രൂപീകരിച്ചിട്ടുള്ളതെങ്കിലും നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായമുൾപ്പെടെയുള്ള പിന്തുണയോടെ അവ മികച്ചരീതിയിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 24)

The Committee recommends to constitute the Panel of Conciliation Officers as per rule 3(1) without further delay. The Committee wants to be furnished with the details of Panel of Conciliation Officers constituted in every district within a period of one month.

സ്വീകരിച്ച നടപടി

നിലവിൽ പ്രവർത്തിച്ചുവരുന്ന 21 മെയിന്റനൻസ് ട്രൈബ്യൂണലുകളിലും കൺസീലിയേഷൻ ഓഫീസർമാരുടെ പാനൽ രൂപീകരിച്ചിട്ടുണ്ട്. 2018 വർഷത്തിൽ റവന്യൂ വകുപ്പിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നെടുമങ്ങാട്, പുനലൂർ, ഇരിങ്ങാലക്കുട, വടകര, തളിപ്പറമ്പ്, കാസർകോഡ് എന്നിങ്ങനെ ആറ് റവന്യൂ ഡിവിഷനുകൾ കൂടി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളിൽ കൺസീലിയേഷൻ ഓഫീസർമാരുടെ പാനൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിലെ 23 മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ കൺസീലിയേഷൻ ഓഫീസർമാരുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം I).

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 25)

The Committee observes that the State Government may establish a State Council of Senior Citizens to advise the State Government on effective implementation of the Act and the Rules and to perform such other functions in relation to senior citizens as the State Government may specify as per rule 21(1). The Additional Secretary, Social Welfare Department informed that the State Council of Senior Citizens as envisaged in the Rules has not been constituted yet and the one which already exists has been constituted before the commencement of the Act. The Committee opines that it is a serious lapses, i.e., dereliction of duty on the part of Social Justice Department. The Committee seeks explanation in this regard and recommends to constitute State Council of Senior Citizens without delay. The Committee also recommends to include non-official members such as specialists and activists working in the field of senior citizens and also eminent senior citizens in the State Council as prescribed in Rule 21 (2) (iii) and (iv).

സ്വീകരിച്ച നടപടി

6-3-2010-ലെ സ.ഉ.(എം.എസ്.)നം.19/10/എസ്.ഡബ്ല്യൂ.ഡി. പ്രകാരം സംസ്ഥാന വയോജന കൗൺസിലും ജില്ലാ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. 21-8-2013-ലെ സ.ഉ. (എം.എസ്.) നം.66/2013/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വയോജന കൗൺസിലിൽ അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനുശേഷം 2-5-2017-ലെ സ.ഉ.(എം.എസ്.)നം.260/2017/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വയോജന കൗൺസിലിലും ജില്ലാ കമ്മിറ്റികളിലും അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 28-5-2019-ലെ സ.ഉ (സാധാ.)നം.274/2019/സാ.നീ.വ. പ്രകാരം സംസ്ഥാന കൗൺസിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 26)

The Committee noticed that the State Council has not convened meeting as per rule 21(3) till 24-7-2013. Hence the Committee recommends to organise meeting in time and take necessary steps to implement the rules and directs to submit periodical report to the concerned authorities based on the decision taken in these meetings.

സ്വീകരിച്ച നടപടി

2-5-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വയോജന കൗൺസിൽ പുനഃസംഘടിപ്പിച്ച് ഉത്തരവായതിനുശേഷം 21-6-2017, 29-11-2017, 25-7-2018 എന്നീ തീയതികളിലായി മൂന്ന് മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ MWPSC Act-ന്റെ സംസ്ഥാന ചട്ടങ്ങൾ പ്രകാരം മീറ്റിംഗുകൾ സംഘടിപ്പിച്ചു വരുന്നു.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

സംസ്ഥാന വയോജന കൗൺസിൽ ആറ് മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന ചട്ടം 21(3)-ലെ വ്യവസ്ഥ പാലിച്ചിട്ടില്ല എന്ന് കണ്ടെത്തുകയും നിലവിൽ കൗൺസിൽ യോഗം ചട്ടപ്രകാരമാണോ നടക്കുന്നതെന്ന് ആരായുകയും ചെയ്തു.

അധികവിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

വയോജന നയം-2013 ചട്ടം 21(3) പ്രകാരം സംസ്ഥാന വയോജന കൗൺസിൽ ആറുമാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതാണ്. ഏറ്റവും അവസാനമായി കൗൺസിൽ യോഗം ചേർന്നത് 8-8-2019-നാണ്. തുടർന്ന് കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ നാളിതുവരെ വയോജന കൗൺസിൽ യോഗം ചേരാൻ സാധിച്ചിട്ടില്ല.

ജില്ലാ കമ്മിറ്റികൾ വിളിച്ചു ചേർത്ത് (through online platform) വയോജനങ്ങൾ നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ ജില്ലാതല കമ്മിറ്റികളിൽ ചർച്ച ചെയ്ത് സംസ്ഥാനതലത്തിൽ നടപടി ആവശ്യമുള്ള വിഷയങ്ങൾ, അജണ്ടയിൽ ഉൾപ്പെടുത്തേണ്ട ഇതര വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതിനു എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അജണ്ട നിശ്ചയിച്ച് സംസ്ഥാനതല സമിതിയോഗം വിളിച്ച് ചേർത്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സാമൂഹ്യനീതി (സി) വകുപ്പ് 2-11-2020-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 27)

The Committee enquired whether orders regarding the tenure of members of the State Council for Senior Citizens other than ex-officio members, rules of procedure of the State Council and other ancillary matters are issued. The Director, Social Justice Department informed that orders has not been issued in

this regard, but a proposal for fixing the tenure of unofficial members as three years and also to give more than one chance to these members has been forwarded to Government for approval. The Committee recommends to amend the rules itself for fixing the tenure of unofficial members.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ കമ്മിറ്റികൾ എന്നിവ പുനഃസംഘടിപ്പിച്ചു കൊണ്ടുള്ള 2-5-2017-ലെ ഉത്തരവിൽ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാന കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി ഉത്തരവ് തീയതി മുതൽ രണ്ട് വർഷവും ജില്ലാക്കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി ഉത്തരവ് തീയതി മുതൽ മൂന്ന് വർഷവുമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 28)</u>

The Committee recommends the Department to convene meetings as per rule 22(2) and directs to furnish the details of the District Committees constituted and the meetings convened so far.

<u>സ്വീകരിച്ച നടപടി</u>

6-3-2010-ലെ സ.ഉ.(എം.എസ്.)നം.19/10/എസ്.ഡബ്ല്യൂ.ഡി. പ്രകാരം സംസ്ഥാന വയോജന കൗൺസിലും ജില്ലാ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ജില്ലാക്കമ്മിറ്റികളുടെ മീറ്റിംഗുകൾ ചട്ടത്തിൽപ്പറയും പ്രകാരം കൃത്യമായ ഇടവേളകളിൽ വിളിച്ചു കൂട്ടുന്നതിന് സംസ്ഥാന വയോജന കൗൺസിലിൽ നിന്നുള്ള ഒരു അംഗത്തെ കൺവീനറായി നിയമിച്ചുകൊണ്ട് 23-12-2018-ലെ സ.ഉ. (സാധാ) നം.744/2018/സാ.നീ.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

സംസ്ഥാന വയോജന കൗൺസിലിന്റെ ജില്ലാ കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ കൂടാറുണ്ടോയെന്ന് ആരാഞ്ഞു.

<u>അധികവിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി</u>

വയോജന നയം -2013 ചട്ടം 22(2) പ്രകാരം മുതിർന്ന പൗരന്മാരുടെ ജില്ലാതല കമ്മിറ്റികൾ മൂന്ന് മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം യോഗം ചേരുന്നതിന് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 2-11-2020-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 29)</u>

The Committee recommends to establish at least one old age home in every District which can accommodate 150 inmates as per section 19(1) of the Act in view of the demographic trend prevailing in our state.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് രണ്ടും എറണാകുളം ജില്ലയിൽ രണ്ടും ഉൾപ്പെടെ 14 ജില്ലകളിലായി 16 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ എറണാകുളം ജില്ലയിലെ ഒരു വൃദ്ധസദനം ഡിമെൻഷ്യാ കെയർ സെന്റർ ആയിട്ടാണ് പ്രവർത്തിച്ചു വരുന്നത്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്ട്രേഷനോടു കൂടി സർക്കാർ ധനസഹായത്തോടെ 280-ൽപ്പരം സ്വകാര്യ വൃദ്ധസദനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിലുള്ള 16 വൃദ്ധസദനങ്ങളിൽ പത്തോളം വൃദ്ധസദനങ്ങളിൽ 100-ഓളം പേരെ പാർപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്. വൃദ്ധസദനങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം കെയർ ഹോമിൽ മുകളിലത്തെ നില പണിത് ദമ്പതികളായ താമസക്കാർക്കായി Couple Home സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കണ്ണൂർ ഗവ. വൃദ്ധസദനത്തിലെ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും വികസിപ്പിച്ച് പ്രസ്തുത ഹോമിനെ മാതൃകാ വൃദ്ധസദനമാക്കുന്നതിനുള്ള നടപടികൾ HLL-മായി ചേർന്ന് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 30)</u>

The Committee recommends to provide necessary medical assistance to the inmates of old age homes established under Section 19(1) of the Act and also insists to provide consultation by doctors on specific days in a week.

സ്വീകരിച്ച നടപടി

വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ചികിത്സാ സൗകര്യവും ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കി വരുന്നുണ്ട്. നിലവിൽ സർക്കാർ വൃദ്ധസദനങ്ങളിൽ ഒരാൾക്ക് ഒരു മാസം 1000 രൂപ മരുന്നിനായി അനുവദിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിന് മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായും വൃദ്ധസദനങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാകുന്നുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ സർക്കാർ വൃദ്ധസദനങ്ങളിൽ നടപ്പാക്കുന്ന വയോ അമൃതം പദ്ധതിയുടെ ഭാഗമായി ആയുർവേദ ഡോക്ടർമാരുടെ സേവനം എല്ലാ ദിവസവും വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ലഭ്യമാകുന്നുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 31)

The Committee recommends to incorporate a form titled "Register of Maintenance claim cases" as Appendix to the Rules to maintain uniformity throughout the state.

ശിപാർശ (ഖണ്ഡിക 32)

The Committee recommends to refer Rule 9(3) also in 'Form C'.

ശിപാർശ (ഖണ്ഡിക 33)

The Committee recommends to add the following provision after rule 9(3) as (4) simultaneously with the issue of notice under sub-rules (2) and (3) of rule 9, the applicant(s) and the opposite party shall also be informed of the date mentioned in sub-rule (2) of rule 9 by notice issued in "Form C".

ശിപാർശ (ഖണ്ഡിക 34)

In the light of the above provision, the Committee also recommends to incorporate the provision under rule 9(4) also in Form C.

<u>ശിപാർശ (ഖണ്ഡിക 35)</u>

The Committee recommends to delete the portion "and if they express their willingness in this behalf, the Tribunal shall ask them whether they would like the matter to be referred to a person" as it is the repetition of the clause mentioned just above and to correct the words "the panel prepared under the 3" as "the panel prepared under rule 3".

<u>ശിപാർശ (ഖണ്ഡിക 36)</u>

The Committee recommends to correct the title of Form D as "Reference to Conciliation Officer under the Maintenance and Welfare of Parents and Senior Citizens Act, 2007".

<u>ശിപാർശ (ഖണ്ഡിക 37)</u>

The Committee recommends to delete the sub-rule (iii) of Rule 13(1) and renumber the rest accordingly.

<u>ശിപാർശ (ഖണ്ഡിക 38)</u>

The Committee recommends to incorporate the provision for signature of the conciliation officer in Form 'F' and 'G'.

<u>ശിപാർശ (ഖണ്ഡിക 39)</u>

The Committee feels that it is necessary to include the provision of rule 12(2) also for issuing order under rule 13(2) and recommends to modify the rule accordingly.

<u>ശിപാർശ (ഖണ്ഡിക 40)</u>

Rule 13(4) states that a copy of every order passed, whether final or interim on an application shall be given to the applicant(s) and the opposite party or their representatives, in person or shall be sent to them through a process server or by registered post. The Committee observes that this is a general provision and recommends not to limit this provision to rule 13 only. The Committee observes that the rule 13(3) provides that an order passed under sub-rule (1) shall take into account certain criteria such as amount needed by the applicant to meet his basic needs and income of the opposite party. Rule 7 relates

to the procedure in case of ex-party order and rule 8 relates to the procedure in case of admission of claim of maintenance. Sub-rule (1) of rule 13 relates to action by Tribunal in cases other than those mentioned in rules 7 and 8. Hence the Committee enquired whether the conditions mentioned in 13(3) is made applicable to rules 7 and 8 and recommends to modify the rules accordingly. Thus the Committee is of the view that all the Orders for Maintenance issued under the rules 7, 8, 12(2), 13(1) shall be speaking one and the rules 13(2), 13(3) and 13(4) can be treated as general provision for all the cases and may not be limited to rule 13. Hence the Committee recommends to treat them as general case and to modify them accordingly.

ശിപാർശ (ഖണ്ഡിക 41)

The Committee observes that the usage 'persons in the family' in rule 14 lacks clarity and recommends to change this usage as 'Members of the family'.

ശിപാർശ (ഖണ്ഡിക 42)

The Committee notes that the word 'order' has not been defined either in the Act or in the Rules. Hence the Committee recommends to replace the word " order" used in the rules as " order for maintenance".

ശിപാർശ (ഖണ്ഡിക 43)

The Committee recommends to correct the word 'home' in rule 18(A) as 'old age home' as in Rule 18(E). The Committee observes that rule 18(E) deals with Management Committees of old age homes and the Comittee recommends to correct the usage 'on the Committee' in rule 18 E as 'in the Committee'.

സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 31-43)

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007-ന്റെ സംസ്ഥാന ചട്ടങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നത് സംബന്ധിച്ച ശിപാർശകൾ സംസ്ഥാന ചട്ടങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുമ്പോൾ പരിഗണിക്കുന്നതാണ്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 44)

The Committee recommends to give suitable representation to the inmates in the Management Committees as per rule 18 (E).

സ്വീകരിച്ച നടപടി

8-8-2014-ലെ സ.ഉ.(സാധാ)501/14/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാന്വലിൽ മാനേജ്മെന്റ് കമ്മിറ്റിയിൽ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

സർക്കാർ ഉത്തരവ് പ്രകാരം മാനേജ്മെന്റ് കമ്മിറ്റിയിൽ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ യെന്ന് ആരാഞ്ഞു.

അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

5-11-2017-ലെ സ.ഉ.(സാധാ) 509/2007/സാ.നീ.വ. പ്രകാരം വൃദ്ധമന്ദിരങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റിയിൽ താമസക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ ടി കമ്മിറ്റിയിൽ താമസക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 2-11-2020-ലെ സി2/95/2019/സാനീവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 45)

The Committee recommends to issue necessary publicity to the provisions of the Act as per rule 19(2) (iv).

സ്വീകരിച്ച നടപടി

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007-ന്റെ സംസ്ഥാന ചട്ടങ്ങൾ എന്നിവ സംബന്ധിച്ച്

പൊതുജനങ്ങൾക്കിടയിൽ അറിവ് നൽകുന്നതിനും അവർക്ക് ബോധവൽക്കരണം നൽകുന്നതിനുമായി ആക്ട് സംബന്ധിച്ച വിവരങ്ങൾ FM റേഡിയോ വഴിയും, പത്രമാധ്യമങ്ങൾ വഴിയും പരസ്യം നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് വഴി നിരവധി ബ്രോഷറുകളും ലഘുലേഖകളും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂൾ/കോളേജ് തലങ്ങളിലും, ജില്ലാ തലങ്ങളിലും മെയിന്റനൻസ് ട്രൈബ്യൂണൽ തലങ്ങളിലും ആവശ്യമായ പ്രചാരണ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 46)</u>

The Committee urges the Department to take steps to ensure that the application forms are available in Government Offices of common contact.

<u>സ്വീകരിച്ച നടപടി</u>

പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസുകൾ, പഞ്ചായത്ത് കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ വയോജനങ്ങൾക്കായുള്ള അപേക്ഷാ ഫോറങ്ങൾ വകുപ്പ് മുഖാന്തരം ലഭ്യമാക്കുന്നതിനായി ഫോറങ്ങളുടെ ആവശ്യകത (Requirement) സംബന്ധിച്ച് കൃത്യമായ വിവരം ശേഖരിച്ച ശേഷം ഫണ്ടിന്റെ ലഭ്യത കൂടി പരിശോധിച്ച ആവശ്യമായ പ്രൊപ്പോസൽ സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന വിവരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 2-11-2020-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 47)</u>

The Committee recommends to provide dedicated helplines at District Headquarters.

<u>സ്വീകരിച്ച നടപടി</u>

വയോജന സംരക്ഷണം മുൻനിർത്തി Prevention of Elder Abuse Cell (PEACE) എന്ന പേരിൽ പുതിയ പദ്ധതി ആരംഭിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ടി പദ്ധതിയിൽ 24x7 കാൾസെന്റർ ഉൾപ്പെടെയുള്ള വിവിധ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ഹെൽപ് ലയിൻ ഫോർ സീനിയർ സിറ്റിസൺ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ച മുതിർന്ന പൗരന്മാർക്കായി സ്റ്റേറ്റ് ഹെൽപ്

ലയിൻ 2020-21-ൽ സ്ഥാപിക്കുന്നതിനായി കേരളം സന്നദ്ധമാണെന്നറിയിച്ചിട്ടുണ്ട്. നാഷണൽ ഹെൽപ് ലയിൻ സംസ്ഥാന ഹെൽപ് ലയിനുകളുടെ ശൃംഖലയാകയാൽ നാഷണൽ ഹെൽപ് ലയിൻ യാഥാർത്ഥ്യമാകുന്നതോടെ സ്റ്റേറ്റ് ഹെൽപ് ലയിനും യാഥാർത്ഥ്യമാകുന്നതാണ്. മുതിർന്ന പൗരന്മാരുടെ സംഘടനകൾ, മുതിർന്ന പൗരന്മാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, വൃദ്ധസദനങ്ങൾ, സംസ്ഥാന സർക്കാർ വകുപ്പുകൾ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്സ്, പൊതുജനാരോഗ്യ സംവിധാനം, ലീഗൽ സർവ്വീസ് അതോറിറ്റി, ജില്ലാ ഭരണകൂടവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തുടങ്ങിയവ പദ്ധതിയുടെ സ്റ്റേക്ക് ഹോൾഡേഴ്സിൽ ഉൾപ്പെടുന്നുണ്ട്. (സാമൂഹ്യ നീതി (സി) വകുപ്പ് 2-11-2020-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 48)

The Committee observes that specific duties of the Police at various levels to ensure protection of life and property of senior citizens is provided by the concerned authorities as a separate chapter itself and details are mentioned in rule 20(2). The Committee noticed that even though elaborate provisions are included in the rules to ensure safety of senior citizens and the registers have been maintained in Police Stations for the purpose, a review regarding the implementation of the rules under 20(2) has not been done so far. The Committee finds that the Director General of Police shall cause the reports submitted under clause (xii) of rule 20(2) to be compiled and submit them to the State Government once a quarter. Hence the Committee recommends to review this matter in the State Council meetings of Senior Citizens. The Committee also urges the Government to furnish a report regarding this issue after the State Council's next meeting and also wants the details of the meeting held so far within the next three months.

സ്വീകരിച്ച നടപടി

ഖണ്ഡിക 48-ൽ പരാമർശിക്കുന്ന "Kerala Maintenance and Welfare of Parents and Senior Citizens Rules 2009-ലെ Rules 20(2) നടപ്പാക്കുന്നതിനായി പോലീസ് ആസ്ഥാനത്തുനിന്നും സർക്കുലർ നം. 16/2010 പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം II). റൂൾ 20(2)-ലെ ഉപവിഭാഗം (xii)-ൽ പരാമർശിക്കുന്ന മുതിർന്ന പൗരന്മാർക്ക് എതിരെ നടക്കുന്ന ക്രിമിനൽ കേസുകൾ സംബന്ധിച്ച വിവരങ്ങളുടെ ത്രൈമാസ പട്ടിക സാമൂഹ്യനീതി (ഡി) വകുപ്പിലേക്ക് യഥാസമയം പോലീസ് ആസ്ഥാനത്തുനിന്നും അയയ്ക്കുന്നുണ്ട്.

(ആഭ്യന്തര (ജി) വകുപ്പ് 15-3-2016-ലെ 73930/ജി3/2014/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 18-1-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 49)

The Committee noticed that the Rules and S.R.Os are issued in English. Hence the Committee recommends to publish the Rules in Malayalam to make it more accessible to common man.

സ്വീകരിച്ച നടപടി

28-3-2009-ലെ സ.ഉ.(പി) നമ്പർ 38/2009/സാ.ക്ഷേ.വ. (എസ്.ആർ.ഒ. നം.723/2009) പ്രകാരം മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമത്തിന്റെ സംസ്ഥാന ചട്ടങ്ങൾ മലയാളത്തിൽ കൂടി പ്രസിദ്ധീകരിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 50)

The Committee recommends to follow-up the settled maintenance cases to ensure whether maintenance has been awarded to them according to settlement.

സ്വീകരിച്ച മറുപടി

മെയിന്റനൻസ് ആക്ടിന്റെ നടത്തിപ്പിന് RDO-മാരെ സഹായിക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സഹായത്തോടെ വേഗത്തിൽ കേസുകൾ തീർപ്പാക്കുന്നുണ്ടെങ്കിലും പുറപ്പെടുവിക്കുന്ന ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഫലപ്രദമായി മോണിറ്റർ ചെയ്യുന്നതിന് മിക്കപ്പോഴും കഴിയാറില്ല. ബന്ധപ്പെട്ട കക്ഷികൾ ഇത് സംബന്ധിച്ച് പരാതി നൽകുമ്പോഴാണ് ടി വിഷയം ശ്രദ്ധയിൽപ്പെടുന്നത്. G.O. (Rt)No.322/2019/ SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വയോജനങ്ങൾക്കായുള്ള സംസ്ഥാന കൗൺസിലിന്റെയും ജില്ലാ കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിയമിച്ചിട്ടുള്ള കൺവീനർക്ക് ജില്ലാ കമ്മിറ്റികൾ വിളിച്ചു ചേർക്കുന്ന വേളയിൽ മെയിന്റനൻസ് ട്രൈബ്യൂണലുകൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ മെയിന്റനൻസ് ഓഫീസർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിന് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 17-9-2019-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 51)

From the visit to the old age homes in Kasaragod and Thrissur Districts, the Committee notices that there is much need to improve the facilities in the old age homes such as ramp to the upper stairs, toilets, rooms etc. The Committee understands that there is shortage of funds with the Social Justice Department in providing more of the facilities. The Committee finds that every Local Self Government Institution such as Panchayats, Municipalities and Corporations can utilise 5% of the total fund allocation to the care of old age persons. Even though each such institution cannot by itself provide such facilities, a collective effort of the institutions can be utilised for improving the facilities of old age homes in districts. The Committee is of the opinion that if State Government has no adequate funds for the purpose, the R.D.O can convene meetings participating members and officers of Village, Block and District Pachayats to urge them to earmark a fixed amount from their allotted funds for senior citizens and the same can be used for constructing ramps, bathrooms and other basic facilities for old age homes. The Committee urges to consider the matter and give suitable directions to the concerned departments.

സ്വീകരിച്ച നടപടി

വൃദ്ധസദനങ്ങളിലെ സൗകര്യങ്ങൾ (മുകൾ നിലയിലേക്കുള്ള റാമ്പുകൾ നിർമ്മിക്കുക, മുറികളിലെയും ബാത്ത് റൂമുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ) വർദ്ധിപ്പിക്കുന്നതിനു ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും LSG-കൾക്ക് ആകെ തുകയുടെ 5% തുക ഇതിനുവേണ്ടി വകയിരുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണെന്ന് സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ RDO-മാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും വില്ലേജുകളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി ചർച്ച ചെയ്തു ഒരു നിശ്ചിത ശതമാനം തുക ഇത്തരം പദ്ധതികൾക്കായി മാറ്റിവയ്ക്കുന്നതിനും നിർദ്ദേശം നൽകാവുന്നതും ഇതിനുള്ള സാധ്യത പരിശോധിക്കുന്നതുമാണ്.

വൃദ്ധസദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവയെ ദേശീയ നിലവാരത്തിലേക്ക് കൊണ്ടുവരുന്നതിനു സെക്കന്റ് ഇന്നിംഗ്സ് ഹോം എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് പ്രകാരം കണ്ണൂർ വൃദ്ധസദനത്തിൽ പ്രസ്തുത പദ്ധതി

നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് മലപ്പുറം, കൊല്ലം വൃദ്ധസദനങ്ങളിലേക്കും പദ്ധതി തുടങ്ങുന്നതിനു നടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്രമേണ സംസ്ഥാനത്തെ എല്ലാ വൃദ്ധസദനങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തൃശ്ശൂർ, കാസർഗോഡ് എന്നീ വൃദ്ധസദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ (മുകൾ നിലയിലേക്കുള്ള റാമ്പ്, ടോയ്‌ലെറ്റ് തുടങ്ങിയവ) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പ് 2-11-2020-ലെ സി2/95/2019/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 52)</u>

The Committee notices that a separate chapter to provide medical care of senior citizens has been included in the Act itself. Clause 20(ii) of the Act states that the State Government shall ensure that separate queues are to be arranged for senior citizens in Government Hospitals. The Committee expresses its displeasure over the matter that this provision has not been complied by the State authorities. Hence the Committee urges the Health Department to issue directions in the matter and take necessary steps to provide bed for senior citizens as far as possible and to arrange separate queues for them in hospitals.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ആശുപത്രികളിൽ വയോജനങ്ങൾക്ക് ഡോക്ടറെ കാണുന്നതിനും ഒ.പി. ടിക്കറ്റ് എടുക്കുന്നതിനും മരുന്ന് വാങ്ങുന്നതിനും പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയത് കൃത്യമായും പാലിക്കുന്നുണ്ടോ എന്നുള്ളത് നിരീക്ഷിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വയോജന ആരോഗ്യ പദ്ധതിയുടെയും കേന്ദ്ര ആവിഷ്കൃത വയോജന ആരോഗ്യ പദ്ധതിയായ എൻ.പി.എച്ച്.സി.യിലൂടെയും സംസ്ഥാനത്തെ ജില്ലാ/ജനറൽ ആശുപത്രികളിൽ ജറിയാട്രിക് വാർഡുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012 മുതൽ 2014 വരെയുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജന സൗഹൃദ ശൗചാലയങ്ങൾ താലൂക്ക് ആശുപത്രികളിൽ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലസൗകര്യം പരിമിതമായുള്ള ആശുപത്രികളിൽ വയോജനങ്ങൾക്കായി കിടക്കകൾ പ്രത്യേകമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജറിയാട്രിക് സ്പെഷ്യാലിറ്റിയുള്ള ഡോക്ടർമാരുടെ എണ്ണം സർക്കാർ സർവ്വീസിൽ നന്നേ കുറവാണ്. എൻ.പി.എച്ച്.സി. നിലവിലുള്ള ജില്ലാ ആശുപത്രികളിൽ ജറിയാട്രിക് വാർഡുകളിൽ പ്രത്യേകം ഡോക്ടർമാരെയും, സ്റ്റാഫ് നേഴ്സുമാരെയും ഫിസിയോ തെറാപ്പിസ്റ്റുകളെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയാണ് ലഭ്യമാക്കി വരുന്നത്.

(ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ് 2-7-2019-ലെ FW2/679/2018-HEALTH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 53)

The Committee views seriously the process of ageing in Kerala and calls attention of the Government to the matter. The Committee is of the opinion that it is high time to consider the diseases connected with elderly persons and urges Government to enhance facilities related to geriatric care in Government Hospitals, at least in District Hospitals. The Committee also wants the Government to start specialised wing of Geriatric care considering the increase of elderly population in future.

സ്വീകരിച്ച നടപടി

എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജനസൗഹൃദ വാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയോജന ക്ലിനിക്കുകളും പ്രത്യേക ഒ.പി.യും മിക്ക ആശുപത്രികളിലും ആരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത വയോജന ആരോഗ്യ പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡേർലിയിലൂടെ 5 ജില്ലകളിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ വയോജന വാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ഈ ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ പ്രത്യേക വയോജന ഒ.പി.യും ഫിസിയോതെറാപ്പി യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ മെഡിക്കൽ യൂണിവേഴ്സിറ്റികളിൽ വയോജനാരോഗ്യം ഒരു സ്പെഷ്യാലിറ്റിയായി അംഗീകരിച്ചിട്ടില്ലാത്തതിനാൽ സംസ്ഥാന ആരോഗ്യ വകുപ്പിൽ വയോജന ആരോഗ്യ വിദഗ്ദ്ധരുടെ തസ്തികകൾ നിലവിൽ ഇല്ല. എന്നിരുന്നാലും സംസ്ഥാന ആരോഗ്യ വകുപ്പിലെ ഒട്ടു മിക്ക ഡോക്ടർമാർക്കും പരിശീലനം നൽകി വയോജനാരോഗ്യ ചികിത്സയിൽ മികവുള്ളവരാക്കി തീർക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കൃത്രിമ ദന്തങ്ങൾ, കൃത്രിമ ശ്രവണസഹായികൾ തുടങ്ങിയ മുതിർന്ന പൗരന്മാരുടെ പ്രധാന ആവശ്യങ്ങൾ ആരോഗ്യ വകുപ്പിന്റെ പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുണ്ട്.

വയോജന ആരോഗ്യ ക്യാമ്പുകളും ക്ലിനിക്കുകളും ഉപജില്ലാ തലത്തിൽ സജീവമാണ്. നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും മേലധികാരികൾക്കും അവരവരുടെ പ്രവർത്തന മേഖലയിലെ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആശുപത്രികളെ വയോജനസൗഹൃദ സ്ഥാപനങ്ങളായി മാറ്റുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ് 2-7-2019-ലെ FW2/679/2018-HEALTH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 28-11-2019-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

## അനുബന്ധം I

# അനുബന്ധം II